# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3907</u> <u>26.06.2013 ൽ മറുപടിക്ക്</u>

**<u>സംസ്ഥാനത്തു നിന്നും നിർമ്മാർജ്ജനം ചെയ്ത രോഗങ്ങൾ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്ത ഏതെല്ലാം രോഗങ്ങളാണ് വീണ്ടും കണ്ടെത്തിയതെന്ന് വിശദമാക്കുമോ ; | (എ) കേരളത്തിൽനിന്നും 1965 ൽ നിർമ്മാർജ്ജനം ചെയ്യപ്പെട്ട മലമ്പനി രോഗം വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവ വീണ്ടും കേരളത്തിൽ ബാധിക്കാനുണ്ടായ കാരണത്തെ സംബന്ധിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) കേരളത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട മലമ്പനി വീണ്ടും വന്നതിനെക്കുറിച്ച് പ്രത്യേക പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. എന്നാൽ ആരോഗ്യവകുപ്പിലെ പൊതുജനാരോഗ്യ വിഭാഗം കാലാകാലങ്ങളിൽ നടത്തിയ നിരീക്ഷണങ്ങളിൽ നിന്നും മനസ്സിലാക്കിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) അന്യസംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും മലമ്പനിയുമായി വന്നവരിൽ നിന്നു തദ്ദേശീയമായി രോഗം മറ്റുള്ളവർക്ക് കൊതുകിലൂടെ പകർന്നു കിട്ടി.<br>(2) മലമ്പനി പരത്തുവാൻ കഴിവുള്ള കൊതുകുകൾ വർദ്ധിക്കുവാനിടയായതും രോഗസംക്രമണത്തിന് കാരണമായി.<br>(3) മലമ്പനി രോഗം ഇനി കേരളത്തിൽ തിരിച്ചുവരില്ലായെന്നുള്ള ജനങ്ങളുടെ ഉറച്ച വിശ്വാസംമൂലം മലമ്പനി പ്രതിരോധ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം കുറയുവാനിടയായി. |

സെക്ഷൻ ഓഫീസർ